**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 479 — 07.01.2014-ലെ മറുപടിയ്ക്ക്

# കൺസ്യൂമർഫെഡ് ശക്തിപ്പെടുത്തുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീമതി.പി.അയിഷാപോറ്റി<br>ശ്രീ.ജെയിംസ് മാത്യൂ<br>,, കെ.വി.വിജയദാസ് | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) | |
| (എ) | കൺസ്യൂമർഫെഡ്, ത്രിവേണി, നന്മ സ്റ്റോറുകളിൽ ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ലഭ്യമല്ലെന്നും, ലഭിക്കുന്ന സാധനങ്ങൾ ഗുണമേന്മയില്ലാത്തതുമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൺസ്യൂമർ ഫെഡ്, ത്രിവേണി, നന്മ സ്റ്റോറുകളിൽ ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ലഭ്യമല്ലെന്ന പരാതി 2013 ഒക്ടോബർ, നവംബർ മാസങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ഗുണമേൻമയില്ലാത്ത സാധനമാണ് വിതരണം ചെയ്യുന്നത് എന്ന രീതിയിലുള്ള പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | കൺസ്യൂമർ ഫെഡ് ഔട്ട്ലെറ്റുകളിൽ ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാകുന്നില്ല എന്ന ആക്ഷേപം 2013 ഡിസംബർ മാസത്തോടെ ഏറെക്കുറെ പരിഹരിച്ചിട്ടുണ്ട്. നിലവിൽ, ഇപ്പോൾ എല്ലായിടത്തും സാധനങ്ങൾ ലഭ്യമാണ്. ഔട്ട്ലെറ്റുകളിൽ വിതരണം ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | സാധനങ്ങൾ ഗുണമേന്മ കുറഞ്ഞതാണെന്ന് കാണുന്ന പക്ഷം, അതാത് ഗോഡൗൺ മാനേജർമാരുടെ വീഴ്ചയായി കണക്കാക്കി അവരുടെ ബാധ്യതയായി കണക്കാക്കാൻ കൺസ്യൂമർ ഫെഡ് അധികാരികൾ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കുടിശ്ശിക തുക നൽകാത്തതുമൂലം വിതരണക്കാർ കൺസ്യൂമർ ഫെഡിനും ത്രിവേണി, നന്മ സ്റ്റോറുകൾക്കും സാധനങ്ങൾ നൽകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | കൺസ്യൂമർഫെഡിന് നൽകാനുള്ള തുക യഥാസമയം സർക്കാർ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിന് കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; സർക്കാർ നൽകാനുള്ള മൊത്തം കുടിശ്ശിക എത്രയാണ്; | (ഡി) | കാലാകാലങ്ങളിൽ ഉത്സവ ചന്തകൾ നടത്തുന്നതിന് സർക്കാർ ധനസഹായം കൺസ്യൂമർഫെഡിന് നൽകുന്നുണ്ട്. 1999 മുതൽ 2013 ഓണം/റംസാൻ കാലയളവുവരെ സബ്സിഡി ഇനത്തിൽ കൺസ്യൂമർഫെഡിന് 444.09 കോടി രൂപ കൊടുക്കുവാനുണ്ട് എന്ന് അവകാശപ്പെട്ടിരിക്കുന്നതിന്റെ കൃത്യത അവലോകനം ചെയ്തുവരികയാണ്. |
| (ഇ) | പൊതുവിപണിയിൽ ഇടപെടുന്നതിന് കൺസ്യൂമർഫെഡ് ശക്തിപ്പെടുത്തുവാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ഇ) | പൊതു വിപണിയിൽ വിലക്കയറ്റം തടയുന്നതിൽ ശക്തമായ ഇടപെടൽ കൺസ്യൂമർഫെഡ് നടത്തിവരുന്നുണ്ട്. സർക്കാർ നിർദ്ദേശിക്കുന്ന തരത്തിൽ വിപണിയിൽ ഇടപെട്ട് അവശ്യസാധനങ്ങൾ |

സബ്സിഡി നിരക്കിൽ വില്പന
നടത്തുന്നതിന്
ഉത്സവകാലങ്ങളിൽ
ധനസഹായം നല്കിവരുകയും
ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ